# 36064

# Govt.HSS PULIYOOR

# LittleKites Annual Report

# 2025-2026

# School camp -phase 1

2024-2027 LK ബാച്ചിന്റെ സ്കൂൾ ക്യാമ്പ് ഒന്നാം ഘട്ടം 26/05/2025 തിങ്കളാഴ്ച നടത്തി.കാരക്കാട് സ്കൂളിലെ ശ്രീമതി ബിന്ദു G കുമാർ external RP ആയും നമ്മുടെ സ്കൂളിലെ LK master Smt.സുധദേവി R internal RP ആയും കുട്ടികൾക്ക് ക്ലാസ് നയിച്ചു.19 കുട്ടികളും ക്യാമ്പിൽ പങ്കെടുത്തു. കുട്ടികളെ 5 ഗ്രൂപ്പായി തിരിച്ചു.Social media guess game ആയ മഞ്ഞുരുക്കൽ എന്ന പ്രവർത്തനത്തിലൂടെ ഓരോ ഗ്രൂപ്പിനും പേരുകൾ കണ്ടെത്തി.ആശയവിനിമയ മാധ്യമം എന്ന രീതിയിൽ സോഷ്യൽ മീഡിയ റീലുകളുടെ പ്രസക്തി വ്യക്തമാക്കുന്നു. ആക്ടിവിറ്റി ഫോൾഡറിലെ വീഡിയോസ് പ്രദർശിപ്പിച്ച ശേഷം ഗ്രൂപ്പുകളായി കുട്ടികൾ ഒരു റീൽ നിർമ്മിക്കാൻ ആവശ്യപ്പെടുന്നു.

11.30 മുതൽ 12.30 വരെ കുട്ടികൾക്ക് സമയം നൽകി. 5 ഗ്രൂപ്പുകളും മൊബൈൽ ക്യാമറ ഉപയോഗിച്ച് റീൽസ് തയ്യാറാക്കി അവതരിപ്പിച്ചു.

കുട്ടികൾക്ക് സ്കൂളിൽ നിന്നും ഉച്ച ഭക്ഷണം നൽകി. ഉച്ചഭക്ഷണത്തിനുശേഷം മികവാർന്ന വീഡിയോ ഉള്ളടക്കങ്ങൾ സൃഷ്ടിക്കുന്നതിന് വിദ്യാർത്ഥികളെ സജ്ജമാക്കുന്നതിന് വീഡിയോ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുന്നു.

തുടർന്ന് സ്കൂൾ സ്പോർട്സ് ഡേ സംബന്ധിക്കുന്ന പ്രമോഷൻ വീഡിയോ എങ്ങനെ തയ്യാറാക്കാം എന്ന് ചർച്ച ചെയ്യുന്നു.

പ്രമോ വീഡിയോ നിർമ്മാണത്തിന് DSLR ക്യാമറ ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ആർ പി വിശദമാക്കി. ആവശ്യമായ ക്ലിപ്പുകൾ ഫോൾഡറിൽ നൽകിയിട്ടുണ്ടെന്നും അതുകൂടാതെ സ്കൂളിന്റെ ദൃശ്യങ്ങളും കഥാപാത്രങ്ങളും അഭിനേതാക്കളെയും ഉൾപ്പെടുത്തി ഷൂട്ടിംഗ് എങ്ങനെ ചെയ്യണം എന്നും വിശദമാക്കി. ചിത്രീകരണത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ shot, ക്യാമറ മൂവ്മെന്റ് ഫ്രെയിം കോമ്പോസിഷൻ മുതലായ കാര്യങ്ങൾ ആർപി വിശദീകരിക്കുന്നു.

കുട്ടികളെ ശബ്ദത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്താൻ സൗണ്ട് ഫോൾഡറിലെ ക്ലിപ്പ് ഉപയോഗിച്ച് സൗണ്ട് മ്യൂട്ട് ആക്ടിവിറ്റി നടത്തുന്നു. ഇത് കുട്ടികളെ ശബ്ദവും ദൃശ്യവും തമ്മിലുള്ള ബന്ധം കൂടുതലായി മനസ്സിലാക്കുവാൻ സഹായിച്ചു.

ചർച്ചയിലൂടെ പരിചയപ്പെട്ട കാര്യങ്ങൾ ഉൾപ്പെടുത്തി സ്കൂൾ സ്പോർട്സ് പ്രമോഷൻ വീഡിയോ തയ്യാറാക്കാനായി കുട്ടികളെ ഗ്രൗണ്ടിലേക്ക് അയച്ചു ആങ്കറിങ് മത്സര അനുഭവം പ്രമോഷൻ മീഡിയയുടെ അവസാന ഭാഗം ഇവ ഷൂട്ട് ചെയ്തു വരാൻ ആവശ്യപ്പെട്ടു.പകർത്തിയ വീഡിയോ എഡിറ്റ് ചെയ്യുന്നതിനായി അതിനെ കമ്പ്യൂട്ടറിലേക്ക് കോപ്പി ചെയ്യുന്നു. തുടർന്ന് Kdenlive എന്ന വീഡിയോ എഡിറ്റിംഗ് സോഫ്റ്റ്‌വെയറിന്റെ  സഹായത്തോടെ എഡിറ്റിംഗ് എങ്ങനെ നടത്താം എന്ന് വിശദമാക്കുന്നു. Kdenlive ടൂളുകൾ ഉപയോഗിച്ച് വീഡിയോ എഡിറ്റ് ചെയ്യുന്ന വിധം വിശദീകരിക്കുന്നു. Background മ്യൂസിക് ടൈറ്റിലുകൾ ഇവ ആഡ് ചെയ്യുന്നു. പൂർത്തിയാക്കിയ വീഡിയോ ഫയലിന്റെ render ചെയ്യുന്ന വിധവും വിശദമാക്കുന്നു. കുട്ടികൾ തയ്യാറാക്കിയ പ്രമോ വീഡിയോ ഫയലുകൾ പ്രദർശിപ്പിക്കുന്നു. വിലയിരുത്തലിനു ശേഷം ആവശ്യമായ നിർദ്ദേശങ്ങൾ നൽകി ഓരോ ടീമിനെയും അഭിനന്ദിക്കുന്നു.

തുടർന്ന് കുട്ടികൾക്ക് അസൈൻമെന്റ് നൽകി. ജൂൺ മാസത്തിൽ സ്കൂളിൽ നടക്കുന്ന പ്രവേശനോത്സവം പരിസ്ഥിതി ദിനം പരീക്ഷ എന്നിവയുടെ പ്രമോഷണൽ വീഡിയോ ഗ്രൂപ്പ് അടിസ്ഥാനത്തിൽ തയ്യാറാക്കാൻ ആവശ്യപ്പെട്ടു. 4.30 ഓടുകൂടി ക്ലാസ് അവസാനിച്ചു.

1. ↑



# പ്രവേശനോത്സവം

## PROMO VIDEO




സ്കൂൾ ക്യാമ്പ് നടത്തിയപ്പോൾ കുട്ടികളോട് പ്രവേശനോത്സവത്തിന്റെ പ്രമോ വീഡിയോ തയ്യാറാക്കണം എന്ന് ആവശ്യപ്പെട്ടിരുന്നു. ഇതിൽ പ്രകാരം വാട്ട്സ്ആപ്പ് ഗ്രൂപ്പ് 2025 june 2 സ്കൂളിൽ നടക്കുന്ന പ്രവേശനോത്സവത്തിന്റെ പ്രമോ വീഡിയോ kdenlive software ഉപയോഗിച്ച് തയ്യാറാക്കി. അവതാരികയായി സജന ശബ്ദം നൽകുകയും ബാക്കി കുട്ടികൾ എല്ലാവരും ചേർന്ന് പ്രമോ വീഡിയോ തയ്യാറാക്കുകയും ചെയ്തു.പ്രവേശനോത്സവ ദിവസം ഇത് പ്രദർശിപ്പിക്കുകയും ചെയ്തു.

പ്രവേശനോത്സവ ദിവസത്തെ ഡോക്കുമെന്റേഷനും ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തന്നെ ചെയ്യുകയും kdenlive software ഉപയോഗിച്ച് വീഡിയോ തയ്യാറാക്കുകയും ചെയ്തു.

# പരിസ്ഥിതി ദിനം



ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് 2025 ജൂൺ അഞ്ചാം തീയതി വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി ഈ പരിപാടിയുടെയും പ്രമോ വീഡിയോ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കി. അന്നേ ദിവസത്തെ ഡോക്കുമെന്റേഷനും ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തന്നെ ചെയ്യുകയും kdenlive software ഉപയോഗിച്ച് വീഡിയോ തയ്യാറാക്കുകയും ചെയ്തു.

## സ്കൂൾ വാർത്താ ചാനൽ

ഓരോ മാസവും സ്കൂളിൽ നടക്കുന്ന പ്രധാന പരിപാടികൾ ഉൾപ്പെടുത്തിക്കൊണ്ട് വാർത്താ ചാനൽ ആരംഭിക്കാൻ തീരുമാനിച്ചു. മാസത്തിൽ ഒരു വാർത്ത അവതരണം നടത്തുവാൻ തീരുമാനിച്ചു. അതിന്റെ ഭാഗമായി ആദ്യത്തെ വാർത്താ വായന ജൂൺ മാസത്തിലെ പ്രവർത്തനങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് ലിറ്റിൽ kites അംഗങ്ങളുടെ നേതൃത്വത്തിൽ നടത്തി. 2024-26 little kites അംഗങ്ങളായ ശ്രീനന്ദ, വേദ,കീർത്തന,അനാമിക അനുപമ,അഞ്ജലി എന്നിവർ ചേർന്ന് വാർത്തകൾ തയ്യാറാക്കുകയും ശ്രീനന്ദ വാർത്ത വായിക്കുകയും ചെയ്തു.Kdenlive സോഫ്റ്റ്വെയർ ഉപയോഗിച്ച് വീഡിയോ എഡിറ്റ് ചെയ്ത് വാർത്ത തയ്യാറാക്കി. സ്കൂൾ വാട്സ്ആപ്പ് ഗ്രൂപ്പിലൂടെ അത് പ്രചരിപ്പിച്ചു.

## എഴുത്തോല




ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ഓരോ മാസത്തെയും സ്കൂളിലെ പാഠ്യപാഠേതര പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി പത്രം തയ്യാറാക്കുവാൻ തീരുമാനിച്ചു. എഴുത്തോല എന്ന പത്രത്തിന് നാമകരണവും നൽകി. ഇതിന്റെ ആദ്യ വോളിയം ജൂൺ മാസത്തെ പ്രവർത്തനങ്ങളെ ഉൾപ്പെടുത്തി പ്രസിദ്ധീകരിച്ചു. എസ്.എം.സി ചെയർമാൻ സുചീന്ദ്രനാഥ് അവറുകളുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജില്ലാ പഞ്ചായത്തിലെ പൊതുമരാമത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ശ്രീമതി വത്സല മോഹൻ

പത്രത്തിന്റെ പ്രകാശനം 13/07/2025 തിങ്കളാഴ്ച രാവിലെ 10.30 ന് സ്കൂൾ അങ്കണത്തിൽ വച്ച് നടത്തി.

## സോഫ്റ്റ്‌വെയർ സ്വാതന്ത്ര്യ ദിനം




എല്ലാവർഷവും സെപ്റ്റംബർ മാസത്തെ രണ്ടാം ശനിയാഴ്ച സോഫ്റ്റ്‌വെയർ സ്വാതന്ത്ര്യ ദിനമായി ആചരിക്കുന്നു. ഇതോടനുബന്ധിച്ച് 22/09/2025 തിങ്കളാഴ്ച ലിറ്റിൽ കൈറ്റ്സ് ക്ലബ് അംഗങ്ങളുടെ നേതൃത്വത്തിൽ രാവിലെ സ്പെഷ്യൽ അസംബ്ലി സംഘടിപ്പിച്ചു. സാങ്കേതികവിദ്യ സമൂഹ നന്മയ്ക്കായി ഉപയോഗിക്കുന്നതിനായി സോഫ്റ്റ്‌വെയർ പ്രതിജ്ഞ കുട്ടികൾ ഏറ്റുചൊല്ലി. ദിന പ്രാധാന്യത്തെ പറ്റിയും വിശദീകരിച്ചു.

തുടർന്ന് നമ്മുടെ സ്കൂളിലെ യുപി കുട്ടികൾക്കായി പത്താം ക്ലാസിലെ ലിറ്റിൽ കൈറ്റ്സ്അംഗങ്ങൾ റോബോട്ടിക്സ് നെ പറ്റി ക്ലാസ് നയിച്ചു. എന്താണ് റോബോട്ടിക്സ്, ഇന്നത്തെ സമൂഹത്തിൽ അതിന്റെ പ്രാധാന്യം, വിശദീകരിക്കുകയും ഇലക്ട്രോണിക് കംപോണൻസുകൾ കുട്ടികൾക്ക് വിശദീകരിക്കുകയും ചെയ്തു. ഓർഡിനോ കിറ്റും പരിചയപ്പെടുത്തി. Pictoblock ഉപയോഗപ്പെടുത്തി എങ്ങനെ ഒരു എൽഇഡി പ്രകാശിപ്പിക്കാം എന്നതിനെപ്പറ്റി കുട്ടികൾ വിശദീകരിച്ചു. എൽകെ അംഗങ്ങളുടെ നിർദ്ദേശപ്രകാരം യു പി കുട്ടികൾ എൽഇഡി പ്രകാശിപ്പിക്കാൻ മനസ്സിലാക്കുകയും ഗ്രൂപ്പുകളായി ചെയ്യുകയും ചെയ്തു.

ലിറ്റിൽ കൈറ്റ്സ്സിനെ പറ്റി Kite mentor ആയ സുധ ടീച്ചർ കുട്ടികളോട് വിശദീകരിച്ചു.

തുടർന്ന് കുട്ടികളുടെ പ്രതികരണങ്ങൾ ആരാഞ്ഞു. റോബോട്ടിക്സിനോടും അതിലുപരി ലിറ്റിൽ കൈറ്റ്സ് എന്ന ക്ലബ്ബിനോടും കുട്ടികളിൽ അവബോധവും താല്പര്യവും ജനിപ്പിക്കാൻ ഈ ക്ലാസ് കൊണ്ട് കഴിഞ്ഞതായി ഞങ്ങൾക്ക് മനസ്സിലായി.

## പ്രിലിമിനറി ക്യാമ്പ്



2025-2028 ബാച്ചിന്റെ പ്രിലിമിനറി ക്യാമ്പ് 25/09/2025 വ്യാഴാഴ്ച രാവിലെ 9.30 ന് ആരംഭിച്ചു. ലിറ്റിൽ കൈറ്റ്സ് ജില്ലാ കോഡിനേറ്റർ ആയ ശ്രീ.അഭിലാഷ് സാർ ക്ലാസുകൾ നയിച്ചു. എട്ടാം ക്ലാസിലെ 27 കുട്ടികളും ക്യാമ്പിൽ പങ്കെടുത്തു.സ്കൂൾ കൈറ്റ് മെന്റർമാരായ ശ്രീമതി സുധാ ദേവി, ശ്രീമതി ശ്രീലത തുടങ്ങിയവരും പങ്കെടുത്തു. ഫെയ്സ് റെക്കഗ്നിഷൻ ഗെയിമിലൂടെ കുട്ടികളെ 5 ഗ്രൂപ്പുകളായി തിരിച്ചു. ലിറ്റിൽ കൈറ്റ്സ് പദ്ധതിയെപ്പറ്റി വിശദീകരിച്ച ശേഷം 2013 ൽ ഗൂഗിൾ പുറത്തിറക്കിയ പ്രശസ്തമായ റീയൂണിയൻ എന്ന വീഡിയോ പ്രദർശിപ്പിച്ചു. വിവരസാങ്കേതികവിദ്യയിൽ ഉണ്ടായ പുരോഗതി കുട്ടികൾ ഇതിലൂടെ മനസ്സിലാക്കി.

തുടർന്ന് സാങ്കേതികവിദ്യ നമ്മുടെ നിത്യജീവിതത്തിൽ ഉപകാരപ്രദമാകുന്ന സന്ദർഭങ്ങൾ ലിസ്റ്റ് ചെയ്യാൻ ആവശ്യപ്പെട്ടു. തുടർന്ന് റിസോഴ്സ് ഫോൾഡറിൽ ഉള്ള വീഡിയോസ് പ്രദർശിപ്പിക്കുന്നു.

ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങളെ വിശദമാക്കുന്ന വീഡിയോയും കുട്ടികൾ വീക്ഷിക്കുന്നു. തുടർന്ന് കുട്ടികൾക്കായി ക്വിസ് മത്സരം സംഘടിപ്പിച്ചു.

തുടർന്ന് say no to drugs എന്ന ഗെയിം കുട്ടികൾ നിർമ്മിക്കുന്നു. ലിറ്റിൽ കൈറ്റ് സംഘങ്ങളിൽ കോഡിങ് അഭിരുചി വളർത്തുന്നതിനും ഭാവി പ്രവർത്തനങ്ങളിൽ താല്പര്യം ജനിപ്പിക്കുന്നതിനും ഈ സെഷൻ സഹായിച്ചു.

Scratch interface കുട്ടികൾ പരിചയപ്പെടുന്നു.

ആനിമേഷൻ മേഖലയും അതിന് ഉപയോഗിക്കുന്ന open toons സോഫ്റ്റ്‌വെയറും പരിചയപ്പെടുത്തുന്നതായിരുന്നു അടുത്ത സെക്ഷൻ.

ആനിമേഷൻ ചലനങ്ങൾ വിശദീകരിച്ച ശേഷം കുട്ടികളെ കൊണ്ട് ആനിമേഷൻ നിർമ്മിക്കുന്നു.

ഉച്ചഭക്ഷണത്തിനുശേഷം റോബോട്ടുകളുടെ ലോകം വിശദമാക്കുന്നു. റോബോട്ടുകളുടെ പ്രവർത്തനം ഉപയോഗം പ്രധാന ഘടകങ്ങൾ ഇവ പൊതുവായി പരിചയപ്പെടുത്തുന്നു. റോബോട്ടിക്സ് പ്രവർത്തനങ്ങളിൽ കുട്ടികളിൽ താൽപര്യം ജനിപ്പിക്കുന്നതിന് ഈ സെക്ഷൻ വളരെയധികം പ്രയോജനം ചെയ്തു.

Pictoblox സോഫ്റ്റ്‌വെയർ, Arduino kit ഇവ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു.

റോബോട്ടിക് ഉപകരണങ്ങൾ പ്രവർത്തിക്കുന്നതിനുള്ള പ്രോഗ്രാമുകളും വിശദീകരിക്കുന്നു.

അടുത്തതായി ലിറ്റിൽ കൈറ്റ്സ് പദ്ധതിയിലൂടെ കുട്ടികൾക്ക് ലഭിക്കുന്ന അവസരങ്ങളെക്കുറിച്ച് RP വിശദീകരിച്ചു.

മുൻ സ്റ്റേറ്റ് ക്യാമ്പിൽ കുട്ടികൾ തയ്യാറാക്കിയ ഉത്പന്നങ്ങൾ പ്രദർശിപ്പിച്ച് കുട്ടികളെ പ്രചോദിപ്പിക്കുകയും ചെയ്തു.

ടീ ബ്രേക്കിന് ശേഷം

3.15 ന് ലിറ്റിൽ കൈറ്റ്സ് രക്ഷിതാക്കളുടെ യോഗം സംഘടിപ്പിച്ചു. ലിറ്റിൽ കൈറ്റ്സ് പദ്ധതിയുടെ ലക്ഷ്യം വിശദമാക്കി തുടർന്ന് ഇതിന്റെ ഫലപ്രദമായ നടത്തിപ്പിന് ഓരോ രക്ഷിതാവിനും നിർണായകമായ പങ്ക് വഹിക്കാൻ ഉണ്ടെന്നും അദ്ദേഹം വിശദീകരിച്ചു. ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിലെ ഓരോ വിദ്യാർത്ഥികൾക്കും പ്രാപ്യമാണ് സംസ്ഥാന ക്യാമ്പ്. ഈ തരത്തിൽ മികച്ച പ്രോജക്ടുകൾ തയ്യാറാക്കാൻ നമ്മുടെ കുട്ടികൾക്ക് സാധിക്കട്ടെ എന്ന് ആശംസിച്ചുകൊണ്ട് ആർ പി ക്യാമ്പ് ക്രോഡീകരിച്ചു.

# school camp phase II





2024-2027 little kites ബാച്ചിന്റെ സ്കൂൾ ക്യാമ്പ് phase II 2025 ഒക്ടോബർ 25 ആം തീയതി രാവിലെ 9 30 മുതൽ വൈകുന്നേരം 4 മണി വരെ സംഘടിപ്പിച്ചു. പാണ്ടനാട് എസ് ബി എച്ച് എസ്സ് സ്കൂളിലെ മഞ്ജു ഗോപാലകൃഷ്ണൻ ടീച്ചർ എക്സ്റ്റേണൽ ആർപി ആയും നമ്മുടെ സ്കൂളിലെ മെന്റർ ശ്രീമതി സുധാദേവി ടീച്ചർ ഇന്റേണൽ ആർപി ആയും ക്ലാസ് നടത്തി.ഒമ്പതാം ക്ലാസിലെ 18 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു

പ്രോഗ്രാമിംഗ് ആനിമേഷൻ മേഖലയിൽ കുട്ടികൾക്ക് അഭിരുചി വളർത്തുന്നതായിരുന്നു ക്യാമ്പ്.

കുട്ടികൾ കൂടുതൽ പ്രോഗ്രാമിംഗ് സങ്കേതങ്ങൾ പരിചയപ്പെടുകയും അതുവഴി പ്രോഗ്രാമിംഗ് പ്രവർത്തനങ്ങളിൽ കൂടുതൽ താൽപര്യം ജനിപ്പിക്കുന്നതും ബിംഗോ എന്ന കളിയുടെ കൈറ്റ് വേർഷൻ ഗെയിം ടീച്ചർ അവതരിപ്പിച്ചു.

തുടർന്ന് ഹംഗറി ബേർഡിന്റെ സ്ക്രാച്ച് വേർഷൻ ഗെയിം അവതരിപ്പിക്കുന്നു.

കൂടുതൽ പ്രോഗ്രാമിംഗ് സങ്കേതങ്ങൾ പരിചയപ്പെടുത്തുന്നതിനായി ബാസ്ക്കറ്റ്ബോൾ ഗെയിം തയ്യാറാക്കുന്നു.

കാച്ചിലെ ഫിസിക്സ് എൻജിൻ ബോക്സ് 2D ഫിസിക്സ് എന്ന സങ്കേതം പരിചയപ്പെടുത്തി.

12.45 ന് കുട്ടികൾക്ക് ലഞ്ച് ബ്രേക്ക് നൽകി. ലിറ്റിൽ kites അംഗങ്ങൾക്ക് സ്കൂളിൽ നിന്നും ഉച്ചഭക്ഷണം വിതരണം ചെയ്തു.

1.30 ന് ഉച്ചയ്ക്കത്തെ ആനിമേഷൻ സെക്ഷൻ ആരംഭിച്ചു. കുട്ടികളുടെ സർഗാത്മകത, ഭാവന എന്നീ നൈപുണികൾ വികസിക്കുവാൻ ആനിമേഷൻ ഒരു പരിധി വരെ സഹായിക്കുന്നു. കലോത്സവത്തിന്റെ പ്രചരണത്തിനായി കലാരവം എന്ന പ്രമോ വീഡിയോ കുട്ടികൾ തയ്യാറാക്കുന്നു.

ഓപ്പൺ ടൂൺസ് സങ്കേതം ഉപയോഗിച്ചാണ് ഇത് ചെയ്തത്.

പശ്ചാത്തല സംഗീതം, title clip ഇതെല്ലാം കൊടുക്കാൻ കുട്ടികൾ മനസ്സിലാക്കുന്നു.

തുടർന്ന് കുട്ടികൾക്കായി assignment നൽകുന്നു.

നാലുമണിയോടുകൂടി ക്ലാസ് കഴിഞ്ഞു. കുട്ടികളുടെ ഫീഡ്ബാക്ക് രേഖപ്പെടുത്തി. 4.15 ഓടെ ക്യാമ്പ് സമാപിച്ചു.

## കലോത്സവം ഷൂട്ടിംഗ്

സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ ഒമ്പതാം ക്ലാസുകാർ  കലോത്സവത്തിന്റെ മുഖ്യവേദിയായ വേദി ഒന്നിൽ അരങ്ങേറിയ മത്സരങ്ങളുടെ അരങ്ങേറിയ മത്സരങ്ങളുടെ വീഡിയോ എല്ലാദിവസവും റെക്കോർഡ് ചെയ്തു.



ഇതുകൂടാതെ മറ്റു വേദികളിൽ നടക്കുന്ന എല്ലാ പ്രോഗ്രാമുകളുടെയും റെക്കോർഡിങ് മറ്റ് സ്കൂൾ ടീമുകൾ ചെയ്തു കൊണ്ടുവന്നത് കോപ്പി ചെയ്യുന്നതിലും ഒമ്പതാം ക്ലാസുകാരുടെ സാന്നിധ്യവും പങ്കും ഉണ്ടായിരുന്നു.

## Robotics class for SSLC students



എസ്എസ്എൽസി കുട്ടികൾക്കായി Little kites Master trainerമാർ പരിചയപ്പെടുത്തിയ റോബോട്ടിക്ക് മോഡ്യൂൾ പ്രകാരമുള്ള ക്ലാസ് സ്കൂളിലെ എൽ കെ LK Menders ,ഒമ്പതാം ക്ലാസിലെഎൽകെ മെമ്പർമാരും ചേർന്ന് അവതരിപ്പിച്ചു.

ആദ്യദിനം സ്കൂൾ എൽകെ menders ഒമ്പതാം ക്ലാസിലെ എൽകെ മെമ്പേഴ്സിനായി മോഡ്യൂൾ പരിചയപ്പെടുത്തി. ജനുവരി എട്ടാം തീയതി ഒമ്പതാം ക്ലാസിലെ കുട്ടികൾ പത്താം ക്ലാസിലെ കുട്ടികൾക്കായി റോബോട്ടിക്സ്, ഓഡിനോ കിറ്റ് ഇവ പരിചയപ്പെടുത്തുകയും എൽഇഡി ഉപയോഗിച്ചുള്ള പ്രവർത്തനവും സാനിറ്റൈസറിന്റെ വർക്കിങ്ങും അവതരിപ്പിച്ചു. ജനുവരി 9 വെള്ളിയാഴ്ച പത്താം ക്ലാസിലെ കുട്ടികൾ അവരുടെ പിയർ ഗ്രൂപ്പിനായി ഇതേ ക്ലാസ് തന്നെ നയിച്ചു.

## Robotics module class for SSLC Students@Govt. HSS ALA



എസ്എസ്എൽസി കുട്ടികൾക്കായി Little kites Master trainerമാർ പരിചയപ്പെടുത്തിയ റോബോട്ടിക്സ് മോഡ്യൂൾ പ്രകാരമുള്ള ക്ലാസ് , സ്കൂൾ കൈറ്റ് മെന്റർമാരായ ശ്രീമതി സുധാ ദേവി, ശ്രീമതി ശ്രീലത എന്നിവരും,ഒമ്പതാം ക്ലാസിലെഎൽകെ മെമ്പർമാരായ സ്റ്റീവ് സോളമൻ, വൈഗ വിമൽ എന്നിവരും ചേർന്ന് 2026 ജനുവരി 14ന് Govt. HSS ALA സ്കൂളിലെ കുട്ടികൾക്കായി നടത്തി.

റോബോട്ടിക്സ്, ഓഡിനോ കിറ്റ് ഇവ പരിചയപ്പെടുത്തുകയും എൽഇഡി ഉപയോഗിച്ചുള്ള പ്രവർത്തനവും സാനിറ്റൈസറിന്റെ വർക്കിങ്ങും അവതരിപ്പിച്ചു.

## Robotics module class for SSLC Students@ SN TRUST HS Cheriyanad




എസ്എസ്എൽസി കുട്ടികൾക്കായി Little kites Master trainerമാർ പരിചയപ്പെടുത്തിയ റോബോട്ടിക്സ് മോഡ്യൂൾ പ്രകാരമുള്ള ക്ലാസ് , സ്കൂൾ കൈറ്റ് മെന്ററർമാരായ ശ്രീമതി സുധാ ദേവി, ശ്രീമതി ശ്രീലത എന്നിവരും പത്താം ക്ലാസിലെ എൽകെ മെമ്പേഴ്സ് ആയ കീർത്തന AK, അഞ്ജലി ഓമനക്കുട്ടൻ എന്നിവരും ചേർന്ന് 2026 ജനുവരി 15ന് SN Trust HS Cheriyanad സ്കൂളിലെ കുട്ടികൾക്കായി നടത്തി

റോബോട്ടിക്സ്, ഓഡിനോ കിറ്റ് ഇവ പരിചയപ്പെടുത്തുകയും എൽഇഡി ഉപയോഗിച്ചുള്ള പ്രവർത്തനവും സാനിറ്റൈസറിന്റെ വർക്കിങ്ങും അവതരിപ്പിച്ചു.

## Stream hub സന്ദർശനം



2026 ജനുവരി 15 ന് ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ സ്ട്രീം ഹബ്ബ് സന്ദർശനം നടത്തി. സ്കൂളിൽ തന്നെ സ്ഥാപിച്ചിട്ടുള്ള സ്ട്രീം ഹബ് കുട്ടികൾക്ക് പരിചിതമാണ്. വിവിധ പ്രോജക്ടുകളും ആയി ബന്ധപ്പെട്ട കുട്ടികൾ സ്ട്രീം ഹബ് സന്ദർശനം നടത്താറുള്ളതാണ്.

പുലിയൂർ stream hub ഇൻചാർജ് ആയ

ശ്രീമതി ആൻ കുട്ടികൾക്ക് സ്ട്രീം ഹബ്ബിനെ പറ്റി വിശദീകരിച്ചു. വിവിധ സൗകര്യങ്ങൾ കുട്ടികൾക്കായി പ്രദർശിപ്പിച്ചു. 3D printing, digital Xray, LED making തുടങ്ങിയവയെല്ലാം കുട്ടികൾ പരിചയപ്പെട്ടു.

# സർവ്വം AI മയം





നിർമിതബുദ്ധിയെപ്പറ്റി രക്ഷകർത്താക്കളിൽ അവബോധം സൃഷ്ടിക്കുന്നതിനായി സ്കൂൾ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ ഫെബ്രുവരി 20 വെള്ളിയാഴ്ച രക്ഷകർത്താക്കൾക്കായി ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. സ്കൂൾ കമ്പ്യൂട്ടർ ലാബിൽ വച്ച് നടന്ന ബോധവൽക്കരണ ക്ലാസ് സ്കൂളിലെ ഒമ്പതാം ക്ലാസിലെ Little kites അംഗങ്ങളാണ് നയിച്ചത്. രക്ഷകർത്താക്കൾക്കായി ഗൂഗിൾ ലെൻസ്, ജെമിനി,Chat GPt തുടങ്ങിയ സങ്കേതങ്ങൾ പരിചയപ്പെടുത്തി.

വാട്സ്ആപ്പ് ഫേസ്ബുക്ക് തുടങ്ങിയ നവമാധ്യമങ്ങളിലൂടെ  പ്രചരിക്കുന്ന പല ഫോട്ടോകളുടെയും വീഡിയോകളുടെയും യഥാർത്ഥ മുഖം പേരൻസിലേക്ക് എത്തിക്കുന്നതിൽ എത്തിക്കുന്നതിൽ കുട്ടികൾ ശ്രദ്ധിച്ചു. നിർമ്മിത ബുദ്ധി സാങ്കേതികവിദ്യ ഉപയോഗിച്ച് ഏത് തരത്തിലുള്ള ഫോട്ടോയും നിർമ്മിച്ച എടുക്കാമെന്നും അവരെ ബോധവാന്മാരാക്കി. പല രക്ഷിതാക്കൾക്കും ഗൂഗിൾ ലെൻസ് എന്നത് പരിചിതമല്ലായിരുന്നു. ഭാഷ അറിയാത്തതിനെ ബുദ്ധിമുട്ട് മറികടക്കാൻ നിർമ്മിത ബുദ്ധി സഹായിക്കും എന്നത് രക്ഷിതാക്കൾക്ക് ഏറെ വിജ്ഞാനപ്രദമായ ഒന്നായിരുന്നു.

ക്ലാസിനു ശേഷം രക്ഷിതാക്കൾ തന്നെ മൊബൈൽ ഉപയോഗിച്ച് സ്ക്രീനിൽ നിന്ന് ക്യു ആർ കോഡ് സ്കാൻ ചെയ്ത് ക്ലാസ്സിനെ പറ്റിയുള്ള ഫീഡ്ബാക്ക് ഫോം ഫില്ല് ചെയ്തു. അതൊരു പുതിയ അനുഭവമായിരുന്നു എന്ന് എല്ലാവരും അഭിപ്രായപ്പെട്ടു

# ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾക്കുള്ള പ്രത്യേക പരിശീലനം



ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ ആയ സാജിദ് സാറിന്റെ നേതൃത്വത്തിൽ

ആനിമേഷൻ സങ്കേതമായ ഓപ്പൺ ടൂൺ വർക്ക് പരിചയപ്പെടുത്തി. പ്രോഗ്രാമിങ് സെക്ഷനിൽ സ്ക്രാച്ച് പ്രോഗ്രാമിംഗ് പരിചയപ്പെടുത്തി. മൂന്നാമത്തെ സെക്ഷനിൽ റോബോട്ടിക്സിനെ പറ്റിയുള്ള വിവരങ്ങൾ നൽകി എൽഇഡി, ബസർ ഇവ പ്രവർത്തിപ്പിക്കുന്ന വിധം വിശദമാക്കി.

പരിശീലനത്തിന്റെ സെക്കൻഡ് പാർട്ടിൽ ഒരു ലിറ്റിൽ കൈറ്റ് അംഗത്തിന്റെ ചുമതലകൾ എന്തൊക്കെയാണ്, ലിറ്റിൽ കൈറ്റ്സ് റൂട്ടിൻ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതിന്റെ പ്രാധാന്യം, സ്വതന്ത്ര സോഫ്റ്റ്‌വെയർ , സ്കൂൾ വിക്കി,

എന്നിവ വളരെ വ്യക്തമായി തന്നെ സാർ ക്ലാസ് നയിച്ചു.